Prot. No : 3763/2017/S 08/Dec/2017

2464/2017
08.12.2017 C-15

# സർക്കുലർ

പ്രിയ ബഹു. വൈദീകരേ, സമർപ്പിതരേ, സഹോദരീസഹോദരൻമാരേ,

ഈ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ഓഖി ചുഴലിക്കാറ്റ് ദക്ഷിണേന്ത്യയിൽ, പ്രത്യേകിച്ച് കടലോരങ്ങളിലും ചുരുക്കം ചില ഹൈറേഞ്ച് മേഖലകളിലും, വിതച്ച ദുരന്തങ്ങളെക്കുറിച്ച് ഇതിനകം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. തിരുവനന്തപുരം, കന്യാകുമാരി തുടങ്ങിയ കട ലോര പ്രദേശങ്ങളിലെ ദുരന്തകഥകൾ അനുഭവസ്ഥർ പറഞ്ഞുകേട്ടപ്പോൾ പത്രമാധ്യമങ്ങളിൽ നിന്ന് കേട്ടറിഞ്ഞതിനേക്കാൾ വളരെ ഭയാനകമാണ് സത്യാവസ്ഥ എന്ന് മനസ്സിലായി. മത്സ്യ തൊഴിലാളികളിൽ വളരെയേറെപ്പേർ മരിക്കുകയോ കാണാതാകുകയോ ചെയ്തിട്ടുണ്ട്. ഉപ ജീവനമാർഗ്ഗമായ ബോട്ടുകളും വള്ളങ്ങളും നഷ്ടപ്പെട്ടവരും, വീടുകൾ തകർന്നില്ലാതായവരും വളരെയേറെയാണ്. വലിയ ക്ലേശങ്ങൾ അനുഭവിക്കുന്ന അവിടുത്തെ ജനങ്ങളെ സഹായി ക്കേണ്ടണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിനാൽ കെ. സി. ബി. സി. ആഹ്വാനം ചെയ്ത തുപ്പോലെ അടുത്ത ഞായറാഴ്ച്ച (10/12/2017) കുർബാനയോടുക്കൂടി ദുരന്തബാധിതർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും അതോടൊപ്പം അവർക്കു വേണ്ടി പ്രതേക പിരിവ് ജന ങ്ങളെ അറിയിച്ച് നടത്തേണ്ടതുമാണ്. ഈ സംഖ്യ ഡിസംബർ 25 ന് മുമ്പ് അതിരൂപതാ സാമ്പ ത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്. ഈ സംഖ്യ ദുരന്തം അനുഭവിക്കുന്നവർക്ക് വേണ്ടി കെ. സി. ബി. സി. സാമൂഹ്യ ക്ഷേമ വിഭാഗം വഴി അയച്ചു കൊടുക്കുന്നതാണ്. ഈ സദുദ്യമത്തിൽ സഹകരിക്കുന്ന ഏവരെയും കാലിത്തോഴുത്തിൽ പിറന്ന ഉണ്ണീശോ സമൃദ്ധ മായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

CURIA ARCHEPARCHY OF TRICHUR

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

NB. (ഈ സർക്കുലർ അടുത്ത ഞായറാഴ്ച്ച (10/12/2017) ജനങ്ങളെ അറിയിക്കേതാണ്.)